ഉത്തരം

(എ, ബി & സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) എറണാകുളത്തുള്ള വ്യവസായ റീജനൽ ഡപ്യൂട്ടി ഡയറക്ടർ ആഫീസ്, ജില്ലാ വ്യവസായ ആഫീസ്, ഡപ്യൂട്ടി ലേബർ കമ്മീഷണർ ആഫീസ് എന്നീ മൂന്ന് ആഫീസുകളാണ് ഗവൺമെൻറ് ഉത്തരവായിട്ടും മാറ്റാതിരുന്നത്.

(ഇ) എറണാകുളത്ത് സ്വകാര്യ കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്.

(എഫ്) 27-1-75-ൽ സിവിൽ സ്റ്റേഷൻ ഉൽഘാടനംചെയ്ത സമയം മുതൽ ഇവ അവിടേക്ക് മാറേണ്ടതായിരുന്നു. വ്യവസായ വകുപ്പിലെ രണ്ട് ആഫീസുകൾക്ക് ജൂലൈ 76 വരെ പ്രതിമാസം 750 രൂപാ വാടക കൊടുത്തിരുന്നു. അതിനുശേഷം 4680.50 രൂപാ വാടകയുള്ള കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്; ഡപ്യൂട്ടി ലേബർ കമ്മീഷണറുടെ ആഫീസിന്റെ പ്രതിമാസ വാടക 800 രൂപയാണ്.

കൊഴിഞ്ഞാമ്പാറ സർവ്വീസ് സഹകരണ സംഘത്തിലെ പണാപഹരണം

1045 [1663] ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ:

എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) കൊഴിഞ്ഞാമ്പാറ സർവ്വീസ് സഹകരണസംഘത്തിലെ പണാപഹരണത്തെത്തുടർന്നുള്ള ക്രിമിനൽ കേസുകളിൽ നടപടി എന്തായിയെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര സംഖ്യയാണ് അപഹരിക്കപ്പെട്ടതെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ സംഖ്യ എത്ര എന്ന് വ്യക്തമാക്കുമോ;

(ഡി) ആരൊക്കെയാണ് ഇതിനുത്തരവാദികൾ; ഇവരുടെ പേരിൽ എടുത്ത നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പോലീസ് കേസ് രജിസ്റ്റർ ചെയ്ത് കുറ്റക്കാരെ അറസ്റ്റ് ചെയ്ത് അന്വേഷണം തുടർന്നു വരികയാണ്.

(ബി) ഉണ്ട്.

(സി) വിവിധ ഇനങ്ങളിലായി 5,20,293 രൂപ 94 പൈസയുടെ പണാപഹരണം നടന്നതായി കണക്കാക്കപ്പെട്ടിട്ടുണ്ട്.

(ഡി) സംഘം സെക്രട്ടറി ആയിരുന്ന ശ്രീ. എസ്. ബാലകൃഷ്ണനും മറ്റുജീവനക്കാരും പ്രസിഡൻറായിരുന്ന ശ്രീ. എസ്. ആറുമുഖൻ ഉൾപ്പെടെയുള്ള മുൻ ഭരണസമിതി അംഗങ്ങളുമാണ് ഉത്തരവാദികൾ. മുൻ സെക്രട്ടറി ശ്രീ. ബാലകൃഷ്ണന്റെയും മുൻ പ്രസിഡൻറ് ശ്രീ. ആറുമുഖൻ ഉൾപ്പെടെ മുൻ ഭരണസമിതി അംഗങ്ങളുടെയും വസ്തുക്കൾ ജപ്തി നടത്തി മേൽനടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly